**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 103** **27-01-2026 - ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമ ബോർഡിന്റെ പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി ക്ഷേമബോർഡിന്റെ പെൻഷൻ പദ്ധതിയിൽ അർഹരായവർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് നിലവിൽ പെൻഷൻ ലഭിക്കാനുണ്ട്; വിശദമാക്കാമോ; | (എ) | ഇല്ല. നിലവിൽ പ്രവാസി ക്ഷേമ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന 77871 പേർക്ക് 2025 ഡിസംബർ മാസത്തെ പെൻഷൻ 08.01.2026 നും 12.01.2026 നുമിടയിൽ വിതരണം ചെയ്തിട്ടുണ്ട്. 2025 ഡിസംബർ മാസം പുതുതായി പെൻഷന് അർഹത നേടിയ 1732 പേർക്ക് 13.01.2026ന് ഒരു മാസത്തെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2026 ജനുവരി 21 വരെ പുതുതായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകൾ പരിശോധിച്ചു വരികയാണ്. |
| (ബി) | പെൻഷൻ അനുവദിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്; ഫണ്ട് ലഭ്യത, അപേക്ഷ പരിശോധന, ഭരണപരമായ തടസ്സങ്ങൾ എന്നിവയിൽ ഏത് ഘടകമാണ് പ്രധാനമായി ബാധിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | പ്രവാസി ക്ഷേമ പെൻഷന് അർഹത നേടുന്നവരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പ്രതിമാസം ശരാശരി 3000 ത്തോളം പുതിയ അപേക്ഷകൾ ലഭ്യമാകുന്നുണ്ട്. ടി അപേക്ഷകളുടെ വെരിഫിക്കേഷനും അക്കൗണ്ട് വെരിഫിക്കേഷനും പൂർത്തിയാക്കിയ ശേഷമാണ് പെൻഷന് അംഗീകാരം നൽകുന്നത്. അംശദായമായി ബോർഡിന് പിരിഞ്ഞു കിട്ടുന്ന തുകയാണ് പെൻഷൻ വിതരണത്തിനായി വിനിയോഗിച്ചു വരുന്നത്. സർക്കാരിൽ നിന്നും ബജറ്റ് വിഹിതമായി ലഭിച്ച മുഴുവൻ തുകയും പെൻഷൻ വിതരണത്തിനായി വിനിയോഗിച്ചു കഴിഞ്ഞു. അംശദായമടയ്ക്കുന്നതിൽ അംഗങ്ങൾ വീഴ്ച വരുത്തുന്നത് ഫണ്ടിന്റെ അപര്യാപ്തതയ്ക്ക് കാരണമാകുന്നു. എങ്കിലും പെൻഷൻ യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | അപേക്ഷ നൽകി അംഗീകാരം ലഭിച്ചിട്ടും മാസങ്ങളോളം പെൻഷൻ വിതരണം നടക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിലുള്ള പരാതികളുടെ എണ്ണം എത്രയാണ്; പ്രവാസി ക്ഷേമ ബോർഡ് പെൻഷൻ തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളും സമയപരിധിയും | (സി) | ഇല്ല. അപേക്ഷയ്ക്ക് അംഗീകാരം നൽകുന്ന മാസം മുതൽ പ്രതിമാസ പെൻഷൻ നൽകി വരുന്നു. 2025 ഡിസംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. പെൻഷന് അർഹത നേടിയ തീയതി മുതലുള്ള കടിശ്ശിക ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് അനുവദിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | എന്തൊക്കെയാണ്; അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ; | | |
| (ഡി) | പെൻഷൻ തുകയുടെ അപര്യാപ്തത സംബന്ധിച്ച് ഗുണഭോക്താക്കൾ ഉയർത്തുന്ന പരാതികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ പെൻഷൻ തുക വർധിപ്പിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ഡി) | പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | പെൻഷൻ അപേക്ഷ നടപടികൾ ലളിതമാക്കുന്നതിനും ഓൺലൈൻ സംവിധാനം കാര്യക്ഷമമാക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇപ്പോഴും തുടരുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ; | (ഇ) | പെൻഷൻ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ കുറ്റമറ്റരീതിയിലും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നുണ്ട്. അതിനാൽ സമഗ്ര പരിഷ്കരണ പദ്ധതി ഇപ്പോൾ ആവശ്യമായി വരുന്നില്ല. |
| (എഫ്) | പ്രവാസി ക്ഷേമ ബോർഡിന്റെ പെൻഷൻ പദ്ധതിയിലെ വീഴ്ചകൾ പരിഹരിക്കുന്നതിനായി സമഗ്ര പരിഷ്കരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രധാന നിർദേശങ്ങളും നടപ്പാക്കുന്നതിനുള്ള സമയക്രമവും എന്തൊക്കെയാണ്; വിശദമാക്കുമോ? | (എഫ്) | പെൻഷൻ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ കുറ്റമറ്റരീതിയിലും കാര്യക്ഷമമായും നടപ്പിലാക്കി വരുന്നുണ്ട്. അതിനാൽ സമഗ്ര പരിഷ്കരണ പദ്ധതി ഇപ്പോൾ ആവശ്യമായി വരുന്നില്ല. |

സെക്ഷൻ ഓഫീസർ